# കേരള സർവകലാശാല

നം. പി.ആർ.047/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്‌സി (സി.ബി.സി.എസ്.എസ്) റഗുലർ & സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 30 വരെ അപേക്ഷിക്കാം.

## ബി.കോം പുനർമൂല്യനിർണ്ണയം : തീയതി നീട്ടി

കേരള സർവകലാശാല അഞ്ചാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 30 വരെ നീട്ടി.

## എം.ബി.ബി.എസ് പരീക്ഷ

കേരള സർവകലാശാല മേയ് 24-ന് തുടങ്ങുന്ന മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് (പാർട്ട് ഒന്ന് - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ ഏപ്രിൽ 27, 250 രൂപ പിഴയോടെ ഏപ്രിൽ 30) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

## ബി.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 24-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ (2014 അഡ്മിഷൻ, 2013 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർത്ഥികൾ) പരീക്ഷാ ടൈംടേബിൾ അത് കേന്ദ്രങ്ങളിൽ ലഭിക്കും.

## ബി.എസ്‌സി ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ 20-ന് തുടങ്ങുന്ന ബി.എസ്‌സി (ആന്വൽ സ്കീം പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്പർക്കക്ലാസ്/ പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ വിദ്യാർത്ഥികൾക്ക് ഏപ്രിൽ ഒമ്പത്, 10 തീയതികളിൽ പാളയം എസ്.ഡി.ഇയിൽ വച്ച് ക്ലാസ് ഉണ്ടായിരിക്കും.

വിദൂരവിദ്യാഭ്യാസ വിഭാഗം കാര്യവട്ടം കാമ്പസിൽ നടത്തിവരുന്ന രണ്ടാം വർഷ എം.എ ഇംഗ്ലീഷ് സമ്പർക്കക്ലാസ് ഏപ്രിൽ ഒമ്പത് മുതൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നടത്തും.

വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ വിദ്യാർത്ഥികൾക്ക് കാര്യവട്ടം അക്കാഡമിക് സ്റ്റാഫ് കോളേജിൽ (യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വച്ച് ഏപ്രിൽ ഒമ്പത്, 10 തീയതികളിൽ പ്രാക്ടിക്കൽ ഉണ്ടായിരിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
06.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**